# മികവ് തെളിയിച്ച വിജിലൻസ് ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിച്ചു.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഉദ്യോഗസ്ഥരെ ഇന്ന് 27 .06 .2017 (ചൊവ്വ ) തീയതി വൈകുന്നേരം 3.30 മണിക്ക് വിജിലൻസ് ആസ്ഥാനത്തു വച്ച് വിജിലൻസ് ഡയറക്ടർ ശ്രീ.ലോക്നാഥ് ബെഹ്റ IPS ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിച്ചു.വിജിലൻസിന്റെ ചരിത്രത്തിൽ ഇദം പ്രഥമമായാണ് ഇത്തരത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിക്കുന്നത് .ആദ്യ ഘട്ടത്തിൽ 2013 ഉം 2014 ഉം വർഷങ്ങളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഉദ്യോഗസ്ഥരെയാണ് ആദരിച്ചത്.ഇപ്പോൾ ബാഡ്ജ് ഓഫ് ഓണർ ലഭിച്ച ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്തം കൂടിയതായും തുടർന്നുള്ള വർഷങ്ങളിലും ഇത്തരത്തിൽ മികവ് തെളിയിക്കുന്ന ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിക്കുമെന്നും ഡയറക്ടർ ശ്രീ.ലോക്നാഥ് ബെഹ്റ IPS പറഞ്ഞു.

2013 വർഷത്തിൽ ശ്രീ.ജ്യോതിഷ് കുമാർ എസ് .ആർ ,DYSP ,ശ്രീ.റെക്സ് ബോബി അർവിൻ DYSP എന്നിവരെയും, 2014 വർഷത്തിൽ ശ്രീ.എസ്.സുരേഷ് കുമാർ, DYSP,ശ്രീ.അശോക് കുമാർ.കെ,DYSP, ശ്രീ.എം.സുകുമാരൻ,DYSP,ശ്രീ.കെ.ആർ.വേണുഗോപാലൻ,DYSP,ശ്രീ.സിനി ഡെന്നിസ് .എഫ്, DYSP എന്നിവരെയുമാണ് ബാഡ്ജ് ഓഫ് ഓണർ ബഹുമതി നൽകി ആദരിച്ചത് .

ചടങ്ങിൽ എ.ഡി.ജി.പി ശ്രീ.അനിൽകാന്ത് IPS അദ്ധ്യക്ഷനായിരുന്നു എ.ഡി.ജി.പി ശ്രീ.ഷേയ്ക്ക് ദർവേഷ് സാഹെബ് IPS സ്വാഗതവും സൂപ്രണ്ട് ഓഫ് പോലീസ് ഇന്റലിജൻസ് എം.എൻ.വിജയകുമാരൻ കൃതജ്ഞതയും രേഖപ്പെടുത്തി. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുൻ ഡയറക്ടറും പോലീസ് മേധാവിയും ആയിരുന്ന ശ്രീ.ജേക്കബ് പുന്നൂസ് IPS ബാഡ്ജ് ഓഫ് ഓണർ നേടിയവരെ അനുമോദിക്കുകയും പോലീസ് അന്വേഷണത്തിൽ നിന്നും വിജിലൻസ് അന്വേഷണം എത്രത്തോളം വേറിട്ട ഒന്നാണെന്നും ആയതിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു.